**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.എ. തോമസിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.521/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 22.02.2018

========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.02.2013-ലെ ഇ 8(എസ് സി 79/12/ടിഎസ്ആർ) 29787/2012 നമ്പർ റിപ്പോർട്ട്

2. സർക്കാരിന്റെ 15.06.2013-ലെ 34079/ഇപിബി3/2013/തസ്വഭവ നമ്പർ കുറ്റപത്രം

3. കുറ്റപത്രത്തിന് ശ്രീ. വി.എ. തോമസ് സമർപ്പിച്ച 29.08.2013-ലെ പ്രതിവാദ പത്രിക

4. പഞ്ചായത്ത് ഡയറക്ടറുടെ 24.06.2017-ലെ ഡി7-23054/13 നമ്പർ കത്ത്

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.(ഇകെഎം) നം.243/2017-മേലുള്ള 16.03.2017-ലെ വിധിന്യായം

## ഉത്തരവ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ യൂണിറ്റ് മാള ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു അന്വേഷണത്തിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. മാള ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ശ്രീ. സി.വി. ജോസ് എന്നയാൾ പഴയ കെട്ടിടത്തിന്റെ സ്ഥാനത്ത് പുതിയ കെട്ടിടം നിർമ്മിച്ചു
2. ബിൽഡിംഗ് നം.XVI/892, XVI/893, XVI/895 എന്നിവയ്ക്ക് കോൺക്രീറ്റ് മേൽക്കൂര നിർമ്മിക്കുവാൻ അനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിടത്തിന് ചുടുകട്ട ഭിത്തിനിർമ്മിച്ച് അനുമതിക്ക് വിരുദ്ധമായി റൂം തിരിക്കുകയുണ്ടായി.
3. ശ്രീ. ഷാജി സി.ആർ. എന്നയാൾ പഞ്ചായത്തിന്റെ അനുമതി കൂടാതെ കെട്ടിട നം.XVI/894-ന് കോൺക്രീറ്റ് മേൽക്കൂര നിർമ്മിച്ചു

മേൽ ക്രമക്കേടിന് മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി.എ. തോമസിന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്. ടിയാൻ മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ രണ്ട് കെട്ടിടങ്ങൾക്ക് അനധികൃതമായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു നൽകി എന്ന ആരോപണം സംബന്ധിച്ച്, ശ്രീ. ചെല്ലക്കുടം പോൾ, മണവാളൻ സൈമൺ എന്നിവർ അവരുടെ കെട്ടിടത്തിന്റെ മേൽക്കൂര മാറ്റുന്നതിന് അനുവാദത്തിനുള്ള അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 100 അടിസ്ഥാനത്തിൽ പെർമിറ്റ് നൽകാവുന്നതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. പോളിനും, ശ്രീ. സൈമണിനും പ്രവർത്തി തുടങ്ങുന്നതിനുള്ള അനുവാദം നൽകിയതെന്ന് ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ഈ അവസരത്തിൽ ശ്രീ. സി.എം. സദാശിവൻ

അനധികൃതമായി കെട്ടിടം നിർമ്മിക്കുന്നു എന്ന പരാതി പഞ്ചായത്തിൽ നൽകുകയും നിർമ്മാണ പ്രവർത്തി നിർത്തി വയ്ക്കുവാൻ സ്റ്റോപ്പ് മെമ്മോ നൽകുകയും, സെക്രട്ടറിയുടെ നടപടി ചോദ്യം ചെയ്ത് മേൽ രണ്ട് വ്യക്തികളും ബഹു. ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്യുകയും തീരുമാനമെടുക്കുന്നതിനായി നിർദ്ദേശത്തോടെ സെക്രട്ടറിക്ക് നൽകി ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിലാണ് സെക്രട്ടറി എന്ന നിലയിൽ താൻ ചുവടെ പറയുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ മേൽ നടപടി ആവശ്യമില്ലെന്ന തീരുമാനത്തിൽ എത്തിച്ചേർന്നത്.

1. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999 റൂൾ 102(4) പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ റൂഫ് ചെയ്ഞ്ച് ചെയ്യുന്നതിന് അനുവാദം നൽകാവുന്നതാണ്. പെർമിറ്റ് നൽകിയ കെട്ടിടങ്ങൾ 50 വർഷത്തിലേറെ പഴക്കമുള്ളതും ഓട് മേഞ്ഞതുമായിരുന്നു
2. റൂൾ 10 പ്രകാരം പാർട്ടീഷൻ വാൾ നിർമ്മിക്കുന്നതിനോ പ്ലാസ്റ്ററിംഗ് നടത്തുന്നതിനോ പെറ്റി പാച്ച് വർക്കുകൾ നടത്തുന്നതിനോ പെർമിറ്റിന്റെ ആവശ്യമില്ല എന്നും വ്യക്തമാക്കുന്നുണ്ട്.

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലും സമാനമായ നിയമങ്ങൾ ഉള്ളതാണ്.

1. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 29(3) പ്രകാരവും റൂഫ് ചെയ്ഞ്ച്-ന് അനുവാദം നൽകുന്നുണ്ട്.
2. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 10 പ്രകാരം പ്ലാസ്റ്ററിംഗിനും, പാർട്ടീഷൻ വാൾ നിർമ്മിക്കുന്നതിനും പഞ്ചായത്തിന്റെ അനുവാദം ആവശ്യമില്ല

പ്രസ്തുത കെട്ടിടങ്ങളുടെ മേൽക്കൂര ഓട് കൊണ്ട് നിർമ്മിച്ചതായിരുന്നു എന്നാൽ വാർക്കാറായപ്പോൾ കുറച്ചുകൂടി ഉൾഭാഗത്തേക്ക് നീങ്ങുകയാണ് ഉണ്ടായത്. റോഡിലേക്ക് തള്ളിനിൽക്കുന്ന ഭാഗം കുറഞ്ഞു. ഈ സാഹചര്യങ്ങൾ എല്ലാം കണക്കിലെടുത്താണ് ടിയാളുകൾക്കെതിരെ മറ്റു നടപടികൾ സ്വീകരിക്കാതിരുന്നതെന്നും, തികച്ചും നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നാണ് പ്രവർത്തിച്ചിരുന്നത് എന്നതിനാൽ തനിക്കെതിരെയുള്ള ആരോപണങ്ങൾ അവസാനിപ്പിച്ച് മറ്റ് നടപടികൾ തുടരരുതെന്നും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. തോമസ് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തുകയും, കുറ്റാരോപണ മെമ്മോയിൽ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുള്ള മാള ഗ്രാമപഞ്ചായത്തിലെ ശ്രീ. സി.വി. ജോസ് എന്നയാളുടെ 16/891(പഴയ 2/617) നമ്പർ കെട്ടിടം, ശ്രീ. സൈമൺ എന്നയാളുടെ 16/892 (പഴയ 2/618) നമ്പർ കെട്ടിടം, ശ്രീ. സജി സൈമൺ എന്നയാളുടെ 16/893 (പഴയ 2/619) നമ്പർ കെട്ടിടം, ശ്രീ. സി.ആർ. ഷാജി എന്നയാളുടെ 16/894 (പഴയ 2/620) നമ്പർ കെട്ടിടം, ശ്രീ. പോളി എന്നയാളുടെ 16/895 (പഴയ 2/620 എ) നമ്പർ കെട്ടിടം എന്നിവ കാലപ്പഴക്കം വന്ന ഓട് മേഞ്ഞ കെട്ടിടങ്ങളായിരുന്നുവെന്നും ഇവയിൽ ശ്രീ. സി.ആർ. ഷാജി എന്നയാൾ ഒഴികെ കെട്ടിടങ്ങളുടെ മേൽക്കൂര മാറ്റി വാർക്കുവാൻ ഗ്രാമപഞ്ചായത്തിന്റെ അനുമതി തേടുകയും, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾക്ക് വിധേയമായി മുൻ സെക്രട്ടറി ശ്രീ. വി.എ. തോമസ് അനുമതി നൽകിയിട്ടുള്ളതുമാണെന്നും മേൽക്കൂര മാറ്റുവാൻ അനുമതി നൽകിയ കെട്ടിടങ്ങൾക്ക് കെ.എം.ബി.ആർ. റൂൾ 10 (iii) പ്രകാരം വേർതിരിക്കുന്ന ചുമരുകൾ സ്ഥാപിക്കുന്നതിനും, കെ.പി. ബി.ആർ. 10 (iv) പ്രകാരം ഭാരം വഹിക്കുന്ന ചുമരുകൾ അല്ലാത്ത വേർതിരിക്കുന്ന ചുമരുകളോ, മറകളോ സ്ഥാപിക്കുന്നതിനും. ഗ്രാമപഞ്ചായത്തിന്റെ അനുമതി ആവശ്യമില്ലെന്നും കൂടാതെ വെള്ളപൂശുന്നതിനും, പെയിന്റിംഗിനും. അറ്റകുറ്റപ്പണികൾക്കും അനുമതി ആവശ്യമില്ലാത്തതാണെന്നും എന്നാൽ ഈ കെട്ടിടങ്ങൾ എല്ലാം ഒറ്റ വരിയിൽ നിൽക്കുമ്പോൾ ഇതിന്റെ മധ്യഭാഗത്തുള്ള ഒരു മുറിയുടെ ഉടമയായ ശ്രീ. സി.ആർ. ഷാജി എന്നയാളും ടിയാന്റെ കെട്ടിടത്തിന്റെ മേൽക്കൂര മാറ്റാതെ മറ്റു മുറികളുടെ മേൽക്കൂര മാറ്റുവാൻ സാധിക്കാതെ വരുന്ന സാഹചര്യമാണ് നിലവിലുണ്ടായിരുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സി.ആർ. ഷാജി ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി വാങ്ങാതെ കെട്ടിടത്തിന്റെ മേൽക്കൂര മാറ്റിയിട്ടുണ്ടെന്നും ആയത് തടയുന്നതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും, എഞ്ചിനീയറിംഗ് വിഭാഗത്തിനും വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും

എന്നാൽ പിന്നീട് മറ്റ് യാതൊരു മേൽ നടപടികളും സ്വീകരിച്ചിട്ടില്ലെന്നും നിലവിലുള്ള കെട്ടിടം പരിശോധിക്കുമ്പോൾ മുഴുവൻ കെട്ടിടവും പൊളിച്ചുമാറ്റി പുതിയത് പണിതതായി കാണുന്നില്ലെന്നും എന്നാൽ ചുമരുകൾ ബലപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. തോമസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഒ.എ (ഇകെഎം) നം.243/17 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ടിയാനെ നേരിൽ കേട്ട് നാലുമാസത്തിനകം തീർപ്പ കൽപ്പിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 30.05.2017-ന് നേരിൽ കേൾക്കുന്നതിന് ഹാജരാകുവാൻ ടിയാളോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ടിയാൾ ഹാജരായിട്ടില്ല മാള ഗ്രാമപഞ്ചായത്തിലെ ശ്രീ. സി.വി. ജോസ് എന്നയാളുടെ 16/891(പഴയ 2/617) നമ്പർ കെട്ടിടം, ശ്രീ. സൈമൺ എന്നയാളുടെ 16/892 (പഴയ 2/618) നമ്പർ കെട്ടിടം, ശ്രീ. സജി സൈമൺ എന്നയാളുടെ 16/893 (പഴയ 2/619) നമ്പർ കെട്ടിടം, ശ്രീ. സി.ആർ. ഷാജി എന്നയാളുടെ 16/894 (പഴയ 2/620) നമ്പർ കെട്ടിടം, ശ്രീ. പോളി എന്നയാളുടെ 16/895 (പഴയ 2/620 എ) നമ്പർ കെട്ടിടം എന്നിവയെല്ലാം ഒറ്റ വരിയിൽ നിൽക്കുമ്പോൾ ഇതിന്റെ മധ്യഭാഗത്തുള്ള ഒരു മുറി മാത്രമാണ് ശ്രീ സി.ആർ. ഷാജിയുടെ ഉടമസ്ഥതയിലുണ്ടായിരുന്നതെന്നും ടിയാളുടെ കെട്ടിടത്തിന്റെ മേൽക്കൂര മാറ്റാതെ മറ്റ് മുറികളുടെ മേൽക്കൂര മാറ്റുവാൻ സാധിക്കാതെ വരുന്ന സാഹചര്യമാണ് നിലവിലുണ്ടായിരുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള കെട്ടിടം പരിശോധിക്കുമ്പോൾ മുഴുവൻ കെട്ടിടവും പൊളിച്ചുമാറ്റി പുതിയത് പണിതതായി കാണുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. സെക്രട്ടറിയുടെ ഭാഗത്ത് നോട്ടപ്പിശക് ഉണ്ടായിട്ടുണ്ട് എന്ന് കാണുന്നു. എന്നാൽ ശ്രീ. വി.എ. തോമസ് 31.03.2015-ൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ പെൻഷനിൽ നിന്നും കുറവു വരുത്തുവാൻതക്ക കഠിനശിക്ഷ ചുമത്താൻ അർഹിക്കുന്ന ഗൗരവതരമായ കുറ്റം ടിയാൾ ചെയ്തതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ മാള ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.എ. തോമസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. വി.എ. തോമസ്, മുൻ സെക്രട്ടറി, മാള ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിജിലൻസ് വകുപ്പ് (യു.ഒ. റിമാർക്സ് നം.വിജി.ഡി4/210/2017/വിജി. തീയതി 20.12.2017 പ്രകാരം)
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/120/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ